A

1002

# സമഗ്ര ശിക്ഷാ, കേരളം

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2022-23

## മലയാളം

ക്ലാസ് : X

സമയം : 1½ മണിക്കൂർ

കേരളപാഠാവലി

ആകെ സ്കോർ : 40

---

**നിർദേശങ്ങൾ**

- പതിനഞ്ച് മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം**
**(4 × 1 = 4)**

1. "നളനും നീയും ഭേദമെന്തിവിടെ?"
   കലിയുടെ ഈ വാക്കുകളിലെ സൂചനയെന്ത്?
   - നളനും പുഷ്കരനും തമ്മിൽ വ്യത്യാസമുണ്ട്.
   - പുഷ്കരനും നാടുവാഴാനുള്ള അർഹതയുണ്ട്.
   - നളൻ പുഷ്കരനെക്കാൾ യോഗ്യനാണ്.
   - പുഷ്കരന്റെ ജീവിതം നിഷ്ഫലമാണ്.

2. പിരിച്ചെഴുതിയ പദങ്ങളിൽ ശരിയായത് ഏത്?
   - ഭൃത്യപ്പണി – ഭൃത്യൻ, പണി
   - പൈസയില്ലാതെ – പൈസ, ഇല്ലാതെ
   - കണ്ണീർ – കണ്ണ്, നീർ
   - എത്തിപ്പോയി – എത്തി, പ്പോയി

3. "ഇന്നു ഞാൻ സർവപാഞ്ചാലരേയും വാസുദേവൻ കാണെത്തന്നെ കാലനൂർ പൂകിക്കും"
   അടിവരയിട്ട പ്രയോഗത്തിന്റെ അർഥം എന്ത്?
   - ഇഷ്ടമുള്ളിടത്തേക്ക് എത്തിക്കും.
   - കൊന്നുകളയും
   - നിസ്വാർഥമായി സഹായിക്കും.
   - ആദരിക്കും

4. "ഒരു ദിവസം ശാന്തമുത്തശ്ശി പഴക്കച്ചവടം നിർത്തി."
   പഴക്കച്ചവടം എന്ന പദത്തിന്റെ വിഗ്രഹാർഥം ഏത്?
   - പഴവും കച്ചവടവും
   - പഴമുള്ള കച്ചവടം
   - പഴത്തിന്റെ കച്ചവടം
   - പഴമാകുന്ന കച്ചവടം

5. "അക്കുളമ്പടിയേറ്റു വീണുപോയ്
അത്രയേറെബ്ഭരണകൂടങ്ങളും"

ഈ വരികളിൽ സൂചിപ്പിക്കുന്നത് എന്ത്?

- സർഗശക്തിയുടെ അജയ്യത
- ഭരണകൂടങ്ങളുടെ അജയ്യത
- രാജവാഴ്ചയുടെ കരുത്ത്
- കവിയുടെ സങ്കടം

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**
**2 സ്കോർ വീതം (2 × 2 = 4)**

6. "ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
ആരൊരാളതിൻ മാർഗം മുടക്കുവാൻ"

ഈ വരികളിലെ കാവ്യപരമായ രണ്ടു സവിശേഷതകൾ കണ്ടെത്തി എഴുതുക.

7. "കല- എത്ര ദീർഘം! സാധനാലഭ്യം!
ആവൂ! ജീവിതമെത്ര ഹ്രസ്വതരം!"

കലയെക്കുറിച്ച് ഗോയ്ഥേ ഇപ്രകാരം അദ്ഭുതപ്പെടുന്നത് എന്തുകൊണ്ടാവാം? വ്യക്തമാക്കുക.

8. "സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടുവരുന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ചു മുങ്ങിപ്പോയി." (യുദ്ധത്തിന്റെ പരിണാമം)

പാണ്ഡവർക്കുണ്ടായ 'പരാജയം' ഈ വാക്യത്തിൽ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ? രണ്ടു നിരീക്ഷണങ്ങൾ കുറിക്കുക.

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**4 സ്കോർ വീതം (5 × 4 = 20)**

9. " ഉപദേശിച്ചിട്ടൊന്നും പ്രയോജനമില്ല. ഉപദേശത്തിന്റെ കുറവുകൊണ്ടാണോ മനുഷ്യൻ ചീത്തയാകുന്നത്?"

(ആത്മാവിന്റെ വെളിപാടുകൾ)

ദസ്തയേവ്സ്കിയുടെ ഈ ചിന്തകളോടുള്ള നിങ്ങളുടെ പ്രതികരണം സ്വാനുഭവങ്ങളുടെ വെളിച്ചത്തിൽ സമർഥിക്കുക.

10. "പഴുതേ ഞാനെന്തേ പലവക പറഞ്ഞുകേൾപ്പിക്കുന്നു"

(പ്രലോഭനം)

പുഷ്കരനെ കവി 'വിഡ്ഢി' എന്നാണ് വിശേഷിപ്പിക്കുന്നത്. ഈ വിശേഷണം അന്വർഥമാക്കുന്ന വാക്കുകളും പ്രവൃത്തികളുമാണോ പുഷ്കരനിൽ കാണുന്നത്? തന്നിരിക്കുന്ന വരിയും കാവ്യഭാഗവും വിലയിരുത്തി കുറിപ്പ് തയാറാക്കുക.

11. "ദിവസം മുഴുവനും അലഞ്ഞുനടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലെയുള്ള മനുഷ്യർക്ക്?" (ശരൺകുമാർ ലിംബാളെ)

"ദാരിദ്ര്യമൊരു ഭയങ്കരവ്യാധിയാണ്. അത് ശരീരത്തെയും ഹൃദയത്തെയും ആത്മാവിനെയും നശിപ്പിച്ചുകളയുന്നു." (വൈക്കം മുഹമ്മദ് ബഷീർ)

സാമൂഹിക ജീവിതാവസ്ഥകളെക്കുറിച്ചുള്ള ഈ നിരീക്ഷണങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

12. "ഞാൻ എനിക്കു വേണ്ടി മരിച്ചവരുടെ ഒപ്പമെത്താൻ വെമ്പുകയാണ്."

"കൃഷ്ണന്റെ പ്രഭാവമറിഞ്ഞിട്ടും ഞാൻ ക്ഷത്രിയധർമ്മത്തിൽനിന്ന് അനങ്ങിയില്ലല്ലോ."

(യുദ്ധത്തിന്റെ പരിണാമം)

മുകളിൽ നൽകിയ സംഭാഷണങ്ങളിൽ തെളിയുന്ന ദുര്യോധനന്റെ സ്വഭാവസവിശേഷതകൾ എന്തെല്ലാം? കുറിപ്പ് തയാറാക്കുക.

13. "ഇക്കൊല്ലം നമ്മൾ സ്പോർട്സിൽ തോറ്റുപോയി, സാരമില്ല. എന്നാൽ ഈ കുട്ടി, ലിംബാളെ കാണിച്ച സത്യസന്ധതയുണ്ടല്ലോ, അത് ഈ ക്ലാസിന്റെ മുഴുവനും വിജയമാണ്."

(അക്കർമാശി)

അധ്യാപകന്റെ ഈ വാക്കുകൾ ക്ലാസിലെ കുട്ടികൾക്ക് നൽകിയ തിരിച്ചറിവുകൾ എന്തെല്ലാമാവാം? നിരീക്ഷണക്കുറിപ്പ് തയാറാക്കുക.

14. 'ഹൃദയസ്പർശിയായ രചനകൾക്ക് വായനക്കാരുടെ ഉള്ളിൽ വലിയ പരിവർത്തനങ്ങൾ സൃഷ്ടിക്കാൻ കഴിയും.'

-ഈ നിരീക്ഷണം 'ഞാൻ കഥാകാരനായ കഥ' എന്ന ഓർമ്മക്കുറിപ്പ് അടിസ്ഥാനമാക്കി വിലയിരുത്തുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**6 സ്കോർ വീതം (2 × 6 = 12)**

15. "കണ്ണിനുപകരം കണ്ണ് എന്നു കരുതി പ്രവർത്തിച്ചാൽ ഒടുവിൽ ഈ ലോകം മുഴുവനും അന്ധമാകും." (ഗാന്ധിജി)

"മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തിവയ്ക്കുന്ന ഭയങ്കരദുരന്തത്തെ എടുത്തുകാണിപ്പാൻ വേണ്ടിയാണ് ഭാരതേതിഹാസം രചിക്കപ്പെട്ടതെന്ന് തീർത്തുപറയാൻ സംശയിക്കേണ്ടതില്ല."

(കുട്ടികൃഷ്ണമാരാര്)

മുകളിൽ നൽകിയ നിരീക്ഷണങ്ങളും ഇന്നത്തെ ലോകസാഹചര്യങ്ങളും വിശകലനം ചെയ്ത് 'ലോകസമാധാനത്തിനായി കൈകോർക്കാം' എന്ന വിഷയത്തിൽ ലഘുപ്രഭാഷണം തയാറാക്കുക.

16
- "സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർഥത്തിൽ ജീവിതമാണോ?"
- "നന്മയുടെ മൂർത്തിയായി ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം."
- "ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്."

(ആത്മാവിന്റെ വെളിപാടുകൾ)

മുകളിൽ നൽകിയ സൂചനകളും പാഠഭാഗവും വിശകലനം ചെയ്ത് ദസ്തയേവ്സ്കി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

17. താഴെ കൊടുത്തിരിക്കുന്ന കവിതയ്ക്ക് ആശയം, പ്രയോഗഭംഗി, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് ആസ്വാദനം തയാറാക്കുക.

**ആമ്പൽപ്പൂക്കൾ**

വൈലോപ്പിള്ളി ശ്രീധരമേനോൻ

ഓണവെയ്‌ലൊളി ചിന്നുമൊരു സുപ്രഭാതത്തി-
ലാണു കണ്ടതു ഞാനാ ഗ്രാമത്തിൻ കിടാങ്ങളെ.
അങ്ങവർ പൂക്കൂടയിൽക്കൈത്തോട്ടിൽ നിന്നും താമ്ര-
പിംഗളമാമ്പൽപ്പൂക്കളറുത്തു നിറയ്ക്കുന്നു.
അറിയാമെനിക്കിവർ ചേറ്റിലെക്കുഞ്ഞുങ്ങളീ -
യലരാൽ മാവേലിക്കു പൂക്കളംതീർക്കും നാളെ.
എങ്ങിവരുടെ പഞ്ഞക്കെടുനീർ? എങ്ങീ ഹൃദ-
യങ്ങളിൽ വികസിക്കും നിസർഗ കലോല്ലാസം?
"എന്തിനീയാമ്പൽപ്പൂക്കൾ?" വെറുതേ ചോദിച്ചേൻ ഞാൻ,
അന്തികേ തണ്ണീർകോരുമവർതൻ മാതാവോതി:
"നാലു മുക്കാലോ മറ്റോ നൂറുപൂ വിറ്റാൽ കിട്ടും,
മാലകെട്ടാനാണത്രേ; വല്ലതും വാങ്ങിത്തിന്നാം."
കെട്ടുപോയ് പുതുവെയ്‌ലെൻ കൺകളിൽ,അപ്പൂവെല്ലാം
കൊട്ടയിൽ കാണായ് പിഴുതെടുത്ത കരൾപോലെ!

| | | |
|---|---|---|
| *താമ്രപിംഗളം* | - | *മഞ്ഞകലർന്ന ചുവപ്പ് നിറം* |
| *അന്തികേ* | - | *അരികത്ത്* |
| *പഞ്ഞം* | - | *ദാരിദ്ര്യം* |
| *അലർ* | - | *പൂവ്* |